LIBRARY ARCHIVES Kerala Legislative Assembly

പുരോഗമിച്ചു വരുന്ന പ്രവൃത്തികൾ

1	മടത്തിൽപറമ്പ് - കരിയാർ റോഡ് വാർഡ് നമ്പർ13	14.00
2	പ്ലാക്കോട്ടം - മാട്ടങ്കൽ റോഡ് - വാർഡ് നമ്പർ 12	58.00
3	പടിക്കൽക്കുളം - കൊച്ചുപറമ്പ് - മൂഴിക്കോട് റോഡിന്റെ നിർമ്മാണം	40.00
4	ജെട്ടി - കണവളളി - പുത്തൻതറ റോഡിന്റെ നിർമ്മാണം	43.00
5	ചെമ്പിലരയൻ - തൈലം പറമ്പ് റോഡ്	36.5
6	അംബികാ മാർക്കറ്റ് - സാമിക്കല്ല് റോഡിന്റെ നിർമ്മാണം	88.00
7	ചെമ്പു ഗ്രാമപഞ്ചായത്തിൽ പാലക്കരി ഫിഷ് ഫാം ചെമ്പുവാലേൽ റോഡ്	41.00

ഏർപ്പാടാക്കാനുള്ളപ്രവൃത്തികൾ

1	പ്രിയദർശിനി - മുളങ്കരി റോഡ്	80.00
2	പഴത്തു വെളി - പട്ടശ്ശേരി റോഡ്	92.00
3	ചെമ്പങ്ങോടി - ചെമ്പകശ്ശേരി റോഡ്	92.00
4	പുത്തൻതറ കാനംപറമ്പ് റോഡ്	19.00
5	കളത്തിത്തറ കണ്ടത്തിത്തറ റോഡ്	49.00

വയനാട് ജില്ലയിൽ മത്സ്യഹാച്ചറി

66(5651) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിൽ എത്ര ഹെക്ടർ സ്ഥലത്ത് മത്സ്യകൃഷിയുണ്ടെന്നതിന്റെ താലൂക്ക് തല വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇതിൽ നിന്നും എത്ര ടൺ മത്സ്യം ഉൽപാദിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട് എന്നതിന്റെ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

ഉത്തരം

(എ) വയനാട് ജില്ലയിൽ 198 ഹെക്ടർ സ്ഥലത്ത് മത്സ്യകൃഷി നടത്തിവരുന്നു. വിശദാംശം ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	താലൂക്ക്	വിസ്തൃതി
1	ബത്തേരി താലൂക്ക്	89 ഹെക്ടർ
2	മാനന്തവാടി താലൂക്ക്	55.99 ഹെക്ടർ
3	വൈത്തിരി താലൂക്ക്	53.01 ഹെക്ടർ
	ആകെ	198 ഹെക്ടർ

(ബി)

വർഷം	ഉൽപ്പാദിപ്പിച്ച മത്സ്യത്തിന്റെ അളവ്
2012-13	375 ടൺ
2013-14	565 ടൺ
2014-15	599 ടൺ

ഫിഷറീസ് വില്ലേജുകൾ

67(5652) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ഫിഷറീസ് വില്ലേജുകൾ ഉണ്ട് ; അതിൽ എത്ര വില്ലേജുകൾ കാസർഗോഡ് ജില്ലയിൽ ഉണ്ട് ;

(ബി) ഫിഷറീസ് ഗ്രാമങ്ങളിൽ ഏതൊക്കെ പദ്ധതികളാണ് നടപ്പിൽ വരുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് തീരദേശമേഖലയിൽ 222 ഫിഷറീസ് വില്ലേജുകളും ഉൾനാടൻ മേഖലയിൽ 113 ഫിഷറീസ് വില്ലേജുകളും ഉണ്ട്. കാസർഗോഡ് ജില്ലയിൽ ആകെ 18 ഫിഷറീസ് വില്ലേജുകൾ ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly